(സി) ഈ സ്മാരകത്തിന് ഇപ്പോൾ പോലീസ് ബന്തവസ് ഏർപ്പെടുത്തിയിട്ടുള്ളതും നൈറ്റ് പട്രോൾ ഏർപ്പെടുത്തിയിട്ടുള്ളതുമാണ്.

പുരാവസ്തുക്കളുടെ സംരക്ഷണത്തിന് ഹെറിറ്റേജ് കമ്മീഷൻ

51 (1962) ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പുരാവസ്തുക്കളുടെ സംരക്ഷണത്തിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(ബി) ഈ ആവശ്യം മുൻ നിർത്തി ഒരു ഹെറിറ്റേജ് കമ്മീഷൻ രൂപവൽക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പുരാവസ്തുക്കളുടെ സംരക്ഷണത്തിനായി നിലവിലുള്ള ആക്ടുകൾ പ്രകാരം അവ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. അതു പ്രകാരം സംരക്ഷിത സ്മാരകങ്ങളുടേയും കലാവസ്തുക്കളുടേയും സംരക്ഷണം ശാസ്ത്രീയാടിസ്ഥാനത്തിൽ തന്നെ നടത്തുന്നതിന് പുരാവസ്തു വകുപ്പിന്റെ അധീനതയിൽ ഒരു റീജിയണൽ കൺസർവേഷൻ ലബോറട്ടറിയും എഞ്ചിനീയറിംഗ് വിഭാഗവും പ്രവർത്തിച്ചു വരുന്നു. കൂടാതെ പുരാവസ്തു സംരക്ഷണം സംബന്ധിച്ച വിവിധ ശാസ്ത്രീയ വിഷയങ്ങളിൽ പുരാവസ്തു വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് വേണ്ട പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ എറണാകുളം തൃപ്പൂണിത്തുറ ഹിൽപാലസ് ആസ്ഥാനമാക്കി ദേശീയ നിലവാരത്തിലുള്ള ഒരു ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിന് വേണ്ട നടപടികൾക്ക് തുടക്കം കുറിച്ചു കഴിഞ്ഞു. സംസ്ഥാനത്ത് ശേഷിക്കുന്ന പൈതൃക വസ്തുക്കളെയും കെട്ടിടങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണങ്ങളോടെ ശേഖരിക്കുന്നതിനും അവയെ വരുംതലമുറകൾക്കായി സംരക്ഷിച്ചു നിലനിർത്തുന്നതിനും ആവശ്യമായ "പൈതൃക സംരക്ഷണ നിയമം" നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു.

(ബി) ഉണ്ട്.

(സി) 1999 ജൂൺ 23, 24 തീയതികളിൽ തിരുവനന്തപുരം കനകകുന്നു കോട്ടാരത്തിൽ വച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടത്തിയ ദേശീയ സെമിനാറിൽ വിദഗ്ദ്ധന്മാരുടെ നേതൃത്വത്തിൽ 'പൈതൃക സംരക്ഷണ നിയമം' സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുകയും ഈ നിയമങ്ങൾ സംബന്ധിച്ച് ദേശീയതലത്തിൽ ശ്രദ്ധേയമായ വ്യക്തികളുടെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് വിശദമായ കരട് നിയമങ്ങൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മൃഗശാലയിലെ മൃഗങ്ങളുടേയും പക്ഷികളുടേയും കണക്ക്

52 (1963) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1991-ൽ തിരുവനന്തപുരം, തൃശ്ശൂർ എന്നീ മൃഗശാലകളിൽ എത്ര മൃഗങ്ങളും പക്ഷികളും ഉണ്ടായിരുന്നു ; ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ ഈ രണ്ട് മൃഗശാലകളിലും എത്ര മൃഗങ്ങളും പക്ഷികളും ഉണ്ട് ; ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) മുൻസർക്കാരിന്റെ കാലത്ത് ഈ മൃഗശാലകളിലേക്ക് സംസ്ഥാനത്തിന് പുറത്തുള്ള മൃഗശാലകളിൽ നിന്നും കൊണ്ടു വന്നിട്ടുള്ള മൃഗങ്ങൾ ഏതെല്ലാമാണ് ;

(ഡി) ഈ സർക്കാർ വന്നതിനു ശേഷം മറ്റ് മൃഗശാലകളിൽ നിന്ന് കൊണ്ടുവന്നിട്ടുള്ള മൃഗങ്ങൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം, തൃശ്ശൂർ എന്നീ മൃഗശാലകളിൽ 1991-ൽ ഉണ്ടായിരുന്ന മൃഗങ്ങളുടേയും പക്ഷികളുടേയും ഇനം തിരിച്ചുള്ള കണക്ക് അനുബന്ധം 'എ'യിൽ വച്ചിട്ടുണ്ട്.*

(ബി) തിരുവനന്തപുരം, തൃശ്ശൂർ എന്നീ മൃഗശാലകളിൽ ഇപ്പോഴുള്ള മൃഗങ്ങളുടേയും പക്ഷികളുടേയും ഇനം തിരിച്ചുള്ള കണക്ക് അനുബന്ധം 'ബി'യിൽ വച്ചിട്ടുണ്ട്.

(സി) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തിന് പുറത്തുള്ള മൃഗശാലകളിൽ നിന്നും തിരുവനന്തപുരം മൃഗശാലയിൽ കൊണ്ടു വന്നിട്ടുള്ള മൃഗങ്ങൾ ഇനി പറയുന്നവയാണ്.

ഇനം	എണ്ണം	മൃഗശാലയുടെ പേര്
(1)	(2)	(3)
കുറുക്കൻ	2	വി. ജെ. ബി. മൃഗശാല, ബോംബെ
പുള്ളിപ്പുലി	1	"
വർണ്ണക്കൊക്ക്	4	"
കൃഷ്ണമൃഗം	1	"
കാണ്ടാമൃഗം	2	ആസാം മൃഗശാല
മിഥുൻ	2	നന്ദൻകനാൽ മൃഗശാല, ഒറീസ
കണ്ണാടി മുതല	4	"

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly